പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം
ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം
*DPI, ജഗതി, തിരുവനന്തപുരം – 695014*
e-mail:dirvhse.dge@kerala.gov.in

File No. VHSE/1036/2024-C3 തീയ്യതി: 24/06/2024

**സർക്കുലർ**

സൂചന:
1) GO(Rt)No.309512012/Gl.Edn TVPM Dated 02/07/2012
2) Go(MS)No.283/12/Gl.Edn TVPM Dated 14/09/20112
3) Go(MS)No.18/13/Gl.Edn TVPM Dated 18/01/2013
4) GO(Rt)No.236/2020 Gl.Edn TVPM Dated 28/07/2020

വിഷയം: സാമൂഹിക ക്ഷേമ വകുപ്പിന് കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിലെയും സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ അനാഥാലയങ്ങളിലെയും കുട്ടികൾക്ക് ഹയർ സെക്കണ്ടറി (വൊക്കേഷണൽ) 1–ാം വർഷ പ്രവേശനം നൽകുന്നത് സംബന്ധിച്ച്: പ്രിൻസിപ്പൽമാർക്കുള്ള തുടർ നിർദ്ദേശങ്ങൾ.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സാമൂഹിക ക്ഷേമ വകുപ്പിന് കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിലെയും സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ അനാഥാലയങ്ങളിലെയും കുട്ടികൾക്ക് ഹയർ സെക്കണ്ടറി (വൊക്കേഷണൽ) 1–ാം വർഷ പ്രവേശനത്തിന് (മുഖ്യ ഘട്ടം/സപ്ലിമെന്ററി ഘട്ടം) അപേക്ഷ നൽകി, അലോട്ട്മെൻറ് ലഭിക്കാത്ത പക്ഷം മേൽ ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും പരിശോധിച്ച ശേഷം ഡയറക്ടറേറ്റിൽ നിന്നും നിർദേശം ലഭിക്കുന്ന മുറയ്ക്ക് സ്കൂളുകളിൽ പ്രവേശനം നൽകാവുന്നതാണ്.

ഇത്തരത്തിലുള്ള പ്രവേശന വിവരങ്ങൾ, അപേക്ഷ നമ്പർ, അഡ്മിഷൻ നമ്പർ, അഡ്മിഷൻ നൽകിയ തീയതി, പ്രവേശനം നൽകിയ കോഴ്സും കോഡും, അഡ്മിഷൻ രജിസ്റ്ററിലെ നിർദിഷ്ട പേജ് എന്നിവ അടങ്ങിയ പ്രിൻസിപ്പലിന്റെ റിപ്പോർട്ടും യോഗ്യത സർട്ടിഫിക്കറ്റ്, പ്രസ്തുത വിദ്യാർഥികൾ ഓർഫനേജ് കൺട്രോൾ ബോർഡിൻെറ കീഴിലുള്ള സ്ഥാപങ്ങളിൽ നിന്നുള്ളവരാണെന്ന് തെളിയിക്കുന്ന ജില്ലാ സോഷ്യൽ ജസ്റ്റിസ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് (വി.എച്ച്.എസ്.ഇ വിഭാഗം) അയക്കേണ്ടതാണ്.

**Address**

State Coordinator
Single Window Admission System
Directorate of General Education (VHSE Wing)
DPI, Jagathy
Thiruvananthapuram- 695014

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്,

1. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും അറിവിലേക്കും തുടർനടപടിക്കും
2. എല്ലാ ഏകജാലക ജില്ലാകോർഡിനേറ്റർമാർക്കും
3. എല്ലാ വി.എച്ച്.എസ്.ഇ. പ്രിൻസിപ്പൽമാർക്കും